**പത്രക്കുറിപ്പ്**

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

12-03-2021

# സ്കൂളുകളുടെ സമീപം പെട്രോൾ പമ്പ് പാടില്ലെന്ന് ബാലാവകാശ കമ്മീഷൻ

സംസ്ഥാനത്തെ സ്കൂളുകളുടെ സമീപം 50 മീറ്റർ ദൂരപരിധിയിൽ പെട്രോൾ പമ്പുകൾ അനുവദിക്കുന്നത് വിലക്കി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവായി. വിദ്യാർത്ഥികളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്നതിനെ മുൻനിർത്തിയാണ് നടപടി. അനുമതി നൽകുന്നതിന് മുൻപ് തദ്ദേശ ഭരണ സ്ഥാപന ങ്ങൾ ദൂരം സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് കമ്മീഷൻ അംഗം കെ. നസീർ ഉത്തരവിൽ വ്യക്തമാക്കി. ഇതിനു വിരുദ്ധമായി അടിയ ന്തര സാഹചര്യത്തിൽ പെട്രോൾ പമ്പ് അനുവദിക്കേണ്ടി വന്നാലും 30 മീറ്റർ അകലം നിർബന്ധമായി പാലിക്കണം.

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പുറപ്പെടുവിച്ച സർക്കുലർ പ്രകാരം സ്കൂളിന്റെയും ആശുപത്രിയുടെയും 50 മീറ്റർ ദൂരപരിധിയിൽ പെട്രോൾ പമ്പ് അനുവദിക്കാൻ പാടില്ല. ഏതെങ്കിലും കാരണവശാൽ 50 മീറ്ററിനുള്ളിൽ സ്ഥാപി ക്കേണ്ടി വന്നാൽ Petroleum and Explosives Safety Organization ന്റെ സുരക്ഷാ മാനദ ണ്ഡങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. എന്നാൽ അപ്പോഴും 30 മീറ്ററിനുള്ളിൽ സ്ഥാപി ക്കാൻ പാടില്ല. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ നിർദ്ദേശത്തെ തുടർന്നാണ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർക്കുലർ പുറപ്പെടുവിച്ചത്. ഇക്കാര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തണം.

നിർദിഷ്ട ദൂരപരിധിക്കുള്ളിൽ 30 മീറ്ററിനു മേൽ പമ്പുകൾക്ക് അനുവാദം നൽകുമ്പോൾ പെട്രോളിയം ആൻഡ് എക്സ്പ്ലോസീവ്സ് സേഫ്റ്റി ഓർഗനൈസേ ഷൻ മുന്നോട്ടു വച്ച സുരക്ഷാമാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവ രുത്തണം. ഇക്കാര്യങ്ങൾ തദ്ദേശ ഭരണ സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, മുനിസി പ്പൽ ഡയറക്ടർ എന്നിവർ ഉത്തരവാകണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ**

*6139/04/C2/2020/KeSCPCR*